**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2900** **13-12-2022 - ൽ മറുപടിയ്ക്ക്**

**ആധാരം എഴുത്തുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ആധാരം എഴുത്തുകാർ വിവിധ ആവശ്യങ്ങളുന്നയിച്ച് ധർണയും മറ്റു സമരങ്ങളും നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആധാരം എഴുത്തുകാർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യങ്ങൾ അംഗീകരിക്കാൻ തയ്യാറാകുമോ; | (ബി) | ടെംപ്ലേറ്റ് മോഡൽ പരിഷ്കാരം ഉപേക്ഷിക്കുക, ആധാരകക്ഷികൾക്ക് സ്വയം ആധാരം തയ്യാറാക്കാമെന്ന വ്യവസ്ഥ പിൻവലിക്കുക, ഫയലിംഗ് ഷീറ്റ് നിലനിർത്തുക, പരിചയസമ്പന്നരായ കൈപ്പട ലൈസൻസികൾക്ക് ആധാരം തയ്യാറാക്കൽ ലൈസൻസ് അനുവദിക്കുക, കോടതി വിധി അനുസരിച്ച് ആധാരം തയ്യാറാക്കൽ പരീക്ഷ നടത്തുക, ആധാരമെഴുത്ത് ഫീസ് പട്ടിക പുതുക്കി നിശ്ചയിക്കുക, ക്ഷേമനിധി ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കുക മുതലായവയാണ് ആധാരമെഴുത്തുകാർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ. |
| (സി) | ആധാരം എഴുത്തുകാരുടെ ക്ഷേമനിധി അംഗത്വം മുടങ്ങിക്കിടക്കുകയാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അവ പുന:സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ; | (സി) | ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ ആറുമാസക്കാലത്തിലധികമായി അംശാദായം അടയ്ക്കാൻ വീഴ്ച വരുത്തിയിട്ടുള്ളവരുടെ അംഗത്വം മുടങ്ങിയിട്ടുണ്ട്. ആയത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ക്ഷേമനിധി ആക്റ്റിൽ നിലവിൽ വ്യവസ്ഥയില്ല. അംഗത്വം മുടങ്ങിയവർക്ക് ആയത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ക്ഷേമനിധി ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് പരിശോധിച്ചു വരുന്നു. |
| (ഡി) | ആധാരം എഴുത്തു മേഖലയിൽ അഡ്വക്കേറ്റുമാർ കടന്നു വരാൻ സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ആധാരം എഴുത്തുകാരുടെ ഉപജീവനത്തെ ബാധിക്കുന്ന ഇക്കാര്യത്തിൽ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന | (ഡി) | കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ 1960, ചട്ടം 6(1) പ്രകാരം സംസ്ഥാനത്തെ ഏതെങ്കിലും കോടതി മുമ്പാകെ പ്രാക്ടീസ് ചെയ്യുന്ന ഒരു അഡ്വക്കേറ്റോ പ്ലീഡറോ ആയിട്ടുള്ള ആളിന്, നിലവിൽ ആധാരം എഴുതാവുന്നതും ആയതിന് ആധാരമെഴുത്ത് ലൈസൻസ് |

| | | | |
|---|---|---|---|
| | പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | | ആവശ്യമില്ലാത്തതുമാണ്. പ്രസ്തുത ചട്ടം പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ഇ) | ടെംപ്ലേറ്റ് പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ? ഇതിന്റെ ഗുണങ്ങളും ദോഷങ്ങളും എന്താണെന്ന് വിശദമാക്കാമോ ; | (ഇ) | ടെംപ്ലേറ്റ് സംവിധാനത്തിലൂടെ ആധാരങ്ങൾ തയ്യാറാക്കുകയെന്നാൽ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് പോർട്ടലിൽ ഉള്ള വെബ് ആപ്ലിക്കേഷന്റെ സഹായത്തോടെ ആധാരം തയാറാക്കുക എന്നതാണ്. ആധാര രജിസ്ട്രേഷൻ നടപടിക്രമങ്ങളും ആധാര ഭാഷയും സാധാരണക്കാർക്ക് കൂടി മനസ്സിലാകുന്ന വിധത്തിൽ ലളിതവൽക്കരിക്കുന്നതിനും സുതാര്യമാക്കുന്നതിനും വേണ്ടിയാണ് ടെംപ്ലേറ്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ 16.07.2013-ലെ സ.ഉ. (സാധാ).നം.545/2013/നി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 19 തരം ആധാര മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് ഫോം രൂപത്തിൽ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന ആധാരങ്ങൾ ഇ-സ്റ്റാമ്പ് ഉൾപ്പടെ പി.ഡി.എഫ് ആയി ഡൗൺലോഡ് ചെയ്യാൻ കഴിയുന്നതാണ്. അതിനു ശേഷം അതിന്റെ ശരിപ്പകർപ്പ് ഉൾപ്പെടെ രജിസ്ട്രേഷനായി സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാക്കുന്നു. നടപടിക്രമങ്ങളുടെ ഭാഗമായി ആധാര കക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ സേവ് ചെയ്തതിന് ശേഷം രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ആധാരത്തിന്റെ പുറത്തെഴുത്തുകൾ എഴുതുന്നതിന് പകരം വിരൽപ്പതിപ്പും ഫോട്ടോയും ഉൾപ്പെടെയുള്ള വിവരങ്ങൾ ആധാരത്തിൽ പ്രിന്റ് ചെയ്യുകയും രജിസ്ട്രേഷന് ശേഷം പുറത്തെഴുത്തിന്റെ പ്രിന്റ് ചെയ്ത പകർപ്പ് ആധാരത്തിന്റെ ശരിപ്പകർപ്പിനൊപ്പം ചേർത്തുകൊണ്ട് ഫയൽ ചെയ്യുകയും ചെയ്യുന്നു. നടപടികൾ പൂർത്തിയാക്കി അസ്സൽ ആധാരം സ്കാൻ ചെയ്ത ശേഷം തിരികെ നൽകുന്നു. ഈ നടപടിക്രമങ്ങൾ പാലിക്കുകയാണെങ്കിൽ രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ ആധാരം തിരികെ നൽകാൻ കഴിയുന്നതാണ്. ഈ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ തിരികെ നൽകാൻ കഴിയുന്നതും അതിലൂടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ സംസ്ഥാനത്തിന്റെ സൂചിക മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നതുമാണ്. സർവേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഡാറ്റാ സമന്വയത്തിനും, കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ വിവരങ്ങളുടെ അനന്യത ഈ മൂന്നു വകുപ്പുകളിലും സുസ്ഥിരമായി സൂക്ഷിക്കുന്നതിനും |

<table>
<tr><td></td><td></td><td></td><td>ഇപ്രകാരമൊരു സംവിധാനം സഹായകരമായിരിക്കും. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ ഡിജിറ്റൽ കോപ്പി ഡിജിലോക്കറിൽ ലഭ്യമാക്കുവാൻ കഴിയുന്നതും ഇതിലൂടെ ബാങ്കിങ് ഇടപാട് പോലെ വസ്തുവിന്റെ ടൈറ്റിൽ പരിശോധന ആവശ്യമായ സംഗതികളിൽ ഡിജിലോക്കർ മുഖേന പരിശോധന നടത്തുവാൻ സാധിക്കുന്നതും കൂടാതെ വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണ ജനങ്ങൾക്കും ലഭ്യമാക്കിക്കൊണ്ട് വകുപ്പിന്റെ സേവനം സുതാര്യവും കാര്യക്ഷമവുമാക്കുവാനും കഴിയുന്നതാണ്.</td></tr>
<tr><td>(എഫ്)</td><td>ആധാരം എഴുത്തുകാരുടെ ഇപ്പോഴത്തെ ക്ഷേമനിധി ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് വർധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ ?</td><td>(എഫ്)</td><td>
<table>
<tr><td>1</td><td>ചികിത്സാ ധനസഹായം – **50000/-** രൂപ വീതം (5 പ്രാവശ്യം) **(ആകെ 2,50,000/- രൂപ)**</td></tr>
<tr><td>2</td><td>മരണാനന്തരാനുകൂല്യം – **രണ്ടു ലക്ഷം** രൂപ</td></tr>
<tr><td>3</td><td>വിവാഹ ധനസഹായം – **10000**/- രൂപ (2 തവണ)</td></tr>
<tr><td>4</td><td>പ്രസവാനുകൂല്യം – **10000**/- രൂപ (2 തവണ)</td></tr>
<tr><td>5</td><td>പെൻഷൻ - പരമാവധി **2000**/- രൂപ</td></tr>
<tr><td>6</td><td>വിരമിക്കൽ ആനുകൂല്യം – അംഗം ഒടുക്കിയിട്ടുള്ള വരിസംഖ്യയും ആനുപാതിക വിഹിതവും ചേർത്ത് വിരമിക്കൽ ആനുകൂല്യം നൽകുന്നു.</td></tr>
<tr><td>7</td><td>കുടുംബ പെൻഷൻ - പരമാവധി **1000**/- രൂപ</td></tr>
<tr><td>8</td><td>പ്രത്യേക പെൻഷൻ (Special Pension) – പരമാവധി **1000/-** രൂപ</td></tr>
<tr><td>9</td><td>വ്യക്തിഗത വായ്പ - പരമാവധി **5000**/- രൂപ</td></tr>
<tr><td>10</td><td>ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ വായ്പ – പരമാവധി **3,00,000**/- രൂപ (മൂന്നു ലക്ഷം രൂപ)</td></tr>
<tr><td>11</td><td>വീട് വയ്ക്കുന്നതിനുള്ള വായ്പ – പരമാവധി **2,50,000**/- രൂപ (രണ്ടര ലക്ഷം രൂപ)</td></tr>
<tr><td>12</td><td>വീട് പുതുക്കി പണിയുന്നതിനുള്ള വായ്പ – പരമാവധി **60,000**/- രൂപ</td></tr>
<tr><td>13</td><td>വസ്തു വാങ്ങുന്നതിനുള്ള വായ്പ – പരമാവധി **60,000**/- രൂപ</td></tr>
<tr><td>14</td><td>വീടോടു കൂടിയ വസ്തു വാങ്ങുന്നതിനുള്ള വായ്പ – പരമാവധി **2,50,000**/- രൂപ</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | (രണ്ടര ലക്ഷം രൂപ)<br><br>ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ